# ***അടിയന്തിരം***

***ഇ1–22156/2006*** ***പഞ്ചായത്ത് ഡയറക്ടറാഫീസ്***
***തിരുവനന്തപുരം, തീയതി: 13.06.2013***

***പഞ്ചായത്ത് ഡയറക്ടർ***

***എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും***

***സർ,***

***വിഷയം:–*** പഞ്ചായത്ത് വകുപ്പ് – ജീവനക്കാര്യം – ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകുന്നതിന് ഭാഷാന്യൂനപക്ഷ പരീക്ഷ പാസ്സായ ജൂനിയർ സൂപ്രണ്ടുമാർ/അസിസ്റ്റന്റ് സെക്രട്ടറിമാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത് – സംബന്ധിച്ച്

***സൂചന:–*** സർക്കാരിന്റെ 13.10.1962–ലെ സ.ഉ (എം.എസ്) 500/62/പി.ഡി നമ്പർ ഉത്തരവ്.

മേൽ വിഷയത്തിലേയ്ക്ക് താങ്കളുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകുന്നതിന് ഭാഷാന്യൂനപക്ഷ പരീക്ഷ (തമിഴ്, കന്നട) പാസ്സായ ജൂനിയർ സൂപ്രണ്ടുമാർ/അസിസ്റ്റന്റ് സെക്രട്ടറിമാരുമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് താങ്കളുടെ ജില്ലയിൽ ജൂനിയർ സൂപ്രണ്ടുമാർ/അസിസ്റ്റന്റ് സെക്രട്ടറിമാരായി ജോലി ചെയ്യുന്ന ഭാഷാന്യൂനപക്ഷ പരീക്ഷ (തമിഴ്, കന്നട) പാസ്സായവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് 2013 ജൂൺ 26–നകം സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുന്നു. അപേക്ഷയോടൊപ്പം ഭാഷാന്യൂനപക്ഷ പരീക്ഷ പാസ്സായതിന്റെ പി.എസ്.സി നൽകിയ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി ലഭ്യമാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ തീയതിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ലാത്തതിനാൽ സമയപരിധി കൃത്യമായും പാലിക്കേണ്ടതാണ്.

***വിശ്വസ്തതയോടെ***

***പഞ്ചായത്ത് ഡയറക്ടർക്കു വേണ്ടി***

**ആർ.എൻ**